**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4599** **02-07-2024 - ൽ മറുപടിയ്ക്ക്**

**പാതയോരങ്ങളിൽ ഫലവൃക്ഷ തൈകൾ വച്ചുപിടിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ദേശീയ, സംസ്ഥാന പാതകളുടെ ഇരുവശങ്ങളിലും ഫലവൃക്ഷ തൈകൾ വച്ചുപിടിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | നാട്ടുമാവും തണലും പദ്ധതി പ്രകാരം സംസ്ഥാനത്തെ ദേശീയ സംസ്ഥാന പാതകളുടെ ഇരുവശങ്ങളിലും ലഭ്യമായ സ്ഥലങ്ങളിൽ നാട്ടുമാവിൻതൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. കൂടാതെ പാതയോരങ്ങളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഫലവൃക്ഷത്തൈകളും നട്ടുപിടിപ്പിച്ചുവരുന്നുണ്ട്. |
| (ബി) | സാമൂഹിക വനവൽക്കരണം വ്യാപകമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | വനേതര പ്രദേശത്ത് വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വനം വകുപ്പിന്റെ സാമൂഹ്യവനവത്കരണ വിഭാഗം വൃക്ഷത്തൈകൾ ഉത്പാദിപ്പിക്കുകയും ആയത് വച്ചു പിടിപ്പിച്ച് സംരക്ഷിക്കുന്നതിനായി സർക്കാർ സ്ഥാപനങ്ങൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർക്കാരിതര സംഘടനകൾക്കും (മുൻ വർഷങ്ങളിൽ വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നു എന്ന് ഉറപ്പുവരുത്തിയ ശേഷം) ലോക പരിസ്ഥിതി ദിനാഘോഷം മുതൽ വനമഹോത്സവം വരെയുള്ള കാലയളവിൽ സൗജന്യനിരക്കിലും തുടർന്ന് നിശ്ചിത വില ഈടാക്കിയും വിതരണം ചെയ്തുവരുന്നു. സാമൂഹ്യ വനവത്കരണം വ്യാപകമാക്കാൻ താഴെ ചേർത്തിരിക്കുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br><br>**വിദ്യാവനം** - വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചെറുവനങ്ങളുടെ മാതൃകകൾ സൃഷ്ടിക്കുന്നതിനും വനത്തിന്റെ സംരക്ഷണത്തെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവത്കരിക്കുന്നതിനും വേണ്ടി സ്കൂളുകൾ, കോളേജുകൾ എന്നിവയിൽ ലഭ്യമായ സ്ഥലങ്ങളിൽ വിദ്യാവനം സ്ഥാപിച്ച് നൽകുന്നു. |

**ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്** – പൊതു/സ്വകാര്യ മേഖലാസ്ഥാപനങ്ങളിൽ ലഭ്യമായ ഭൂമിയിൽ പ്ലാന്റിംഗ് നടത്തിവരുന്നു.

**വഴിയോരത്തണൽ പദ്ധതി** – പാതയോരങ്ങളിൽ ലഭ്യമായ സ്ഥലങ്ങളിൽ തണൽമരങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി.

**നഗരവനം** – നഗര പ്രദേശങ്ങളിൽ ലഭ്യമായ സ്ഥലങ്ങളിലും സ്ഥാപനങ്ങളിലും പദ്ധതി നടപ്പിലാക്കി വരുന്നു.

**ഇൻസെന്റിവൈസേഷൻ ഓഫ് പ്രൈവറ്റ് ഫോറസ്ട്രി -** സ്വകാര്യഭൂമിയിൽ ടിമ്പർ സ്പീഷീസ് ഉത്പാദിപ്പിക്കുന്നതിന്റെ ഭാഗമായി 10 ഇനം മരങ്ങൾ നട്ട് സംരക്ഷിക്കുന്ന കർഷകർക്ക് ധനസഹായം നൽകുന്ന പദ്ധതി.

**പരിഹാര വനവത്കരണം** – വികസനാവശ്യങ്ങൾക്ക് മരം മുറിക്കുന്ന അവസരങ്ങളിൽ യൂസർ ഏജൻസിയിൽ നിന്നും പരിഹാര വനവത്കരണത്തിന്റെ ഭാഗമായി ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പരിഹാര വനവത്കരണം നടത്തി വരുന്നു.

**നക്ഷത്രവനം -** അശ്വതി മുതൽ രേവതി വരെയുള്ള 27 ജന്മനക്ഷത്രങ്ങളെ പ്രതിനിധീകരിക്കുന്ന വൃക്ഷങ്ങൾ നട്ടുവളർത്തി സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള പദ്ധതി.

**തീരവനം** – തീര സംരക്ഷണത്തിനായി കടൽത്തീരങ്ങളിൽ കാറ്റാടിത്തൈകൾ വച്ചുപിടിപ്പിക്കുന്ന പദ്ധതിയാണ് തീരവനം. കടൽക്ഷോഭത്തിന്റെ തീവ്രതയിൽ നിന്ന് തീരത്തെ സംരക്ഷിക്കുന്നതിന് ഈ പദ്ധതി സഹായകരമാണ്.

**ഔഷധ തോട്ടം -** ആയുർവേദ മരുന്നുകളുടെ ഉപയോഗവും അതിന്റെ ചികിത്സാമൂല്യവും ലോകമെമ്പാടും പ്രചാരം നേടുന്ന ഈ കാലത്ത് ഹെർബൽ, ഔഷധ സസ്യങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് അവ പ്രചരിപ്പിക്കുന്നതിനും ജനകീയമാക്കുന്നതിനും വേണ്ടിയാണ് ടി പദ്ധതി നടപ്പിലാക്കിവരുന്നത്. കൂടാതെ ഔഷധ സസ്യങ്ങളുടെ പ്രാധാന്യത്തെപ്പറ്റിയും പുതുതലമുറയിൽ ആയുർവേദ ചികിത്സാ രീതിയെ സംബന്ധിച്ചും വിശ്വാസം ഊട്ടിയുറപ്പിക്കുന്നതിനും വേണ്ടി സ്കൂളുകളിലും കോളേജുകളിലും ഔഷധത്തോട്ടം സ്ഥാപിച്ച് വരുന്നു.

| | | | |
|---|---|---|---|
| | | | **കാവ് സംരക്ഷണം-** കാവ് സംരക്ഷണത്തിനായി ജി.ഒ. (ആർ.റ്റി) നം.485/2016/വനം തീയതി: 24.12.2016 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കാവിന്റെ ഉടമസ്ഥർക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്.<br><br>കൂടാതെ **ശലഭോദ്യാനം, ബാംബൂ സെറ്റം** എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ